

ഹരിത നിയമങ്ങൾ
കേരള പഞ്ചായത്ത് രാജ്
നിയമം1994

# ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ

വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മൽസ്യസ്റ്റാളുകൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ലാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകൾ, കാറ്ററിംഗ് സർവീസ് സ്ഥാപനങ്ങൾ, ഗ്രാമ പഞ്ചായത്തുകളിലെ 100 $m^2$ൽ കൂടുതലും നഗരസഭകളിൽ 400 $m^2$ ൽ കൂടുതലും തറ വിസ്തീർണമുള്ള വീടുകൾ, ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്ന മറ്റ സ്ഥാപങ്ങൾ എന്നിവയുടെ ഉടമസ്ഥർ/ നടത്തിപ്പോ നിയന്ത്രണമോ ചുമതലയുള്ള ആൾ, അത്തരം കെട്ടിടങ്ങളിൽ / സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ, മലിനജലം എന്നിവ ശരിയായി സംസ്കരിക്കാതിരിക്കൽ, ഓടകളിലേക്ക് ഒഴുക്കിവിടൽ എന്നിവ ശിക്ഷാർഹമാണ്.

# ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ

## നിയമ ലംഘനം എങ്ങനെ?



- കച്ചവട സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ
- അജൈവമാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കൽ
- അറവു ശാലകൾ, ചിക്കൻ സ്റ്റാളുകൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാതിരിക്കൽ തുടങ്ങിയവ.

# ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ





- ശിക്ഷ : 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവോ, 10000 രൂപയിൽ കുറയാത്തതും 50000 രൂപയിൽ കവിയാത്തതുമായ പിഴയോ രണ്ടും കൂടിയോ

# ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ



ബാധകമാകുന്ന നിയമം / ചട്ടം: കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 വി.

# ചവറുകൾ നീക്കം ചെയ്യാതിരിക്കൽ



ചവറും അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളും മാലിന്യവും വാണിജ്യ വർജ്യവസ്തുക്കളും പ്രത്യേകമായ മാലിന്യങ്ങളും ആപത്കരമായ മാലിന്യങ്ങളും വലിയ അളവിൽ അടിഞ്ഞുകൂടിയിട്ടുള്ള ഫാക്ടറി, മാർക്കറ്റ്, കശാപ്പുശാല, ഹോട്ടൽ, ഭക്ഷണപ്പുര, റസ്റ്റോറൻറ്, ആശുപത്രി, നഴ്സിംഗ് ഹോം, പണ്ടകശാല, ഗോഡൗൺ, അനേകം ആളുകൾ സങ്കേതമാക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അവ നീക്കം ചെയ്യാനോ കൈയ്യൊഴിയാനോ ഗ്രാമപഞ്ചായത് സെക്രട്ടറി നോട്ടീസ് മുഖേനയോ ആവശ്യപ്പെട്ടത് ലംഘിച്ചാൽ കുറ്റ സ്ഥാപനത്തിന്മേൽ നടപടി സ്വീകരിക്കാവുന്നതാണ്.

# ചവറുകൾ നീക്കം ചെയ്യാതിരിക്കൽ

- ശിക്ഷ:10000 രൂപ വരെയുള്ള പിഴ, നിർദ്ദേശം അനുസരിക്കാതിരുന്നാൽ തുടർന്ന് കുറ്റം ചെയ്യുന്ന ഓരോ ദിവസവും 100 രൂപ നിരക്കിൽ അധിക പിഴ
- ബാധകമാകുന്ന നിയമം / ചട്ടം : കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 219 എച്ച് (1)



# ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിലെ മാലിന്യം



ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയോ, ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുള്ളത് നീക്കം ചെയ്യുന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 എച്ച് (1) പ്രകാരം തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി നൽകുന്ന നോട്ടീസ് അനുസരിക്കാതിരുന്നാൽ ഗ്രാമപഞ്ചായത്ത് നേരിട്ട് പ്രസ്തുത മാലിന്യങ്ങൾ ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ നഷ്ടോത്തരവാദിത്വത്തിൽ നീക്കം ചെയ്തതിനു ശേഷം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന ചെലവ് ഉടമയിൽ നിന്നോ കൈവശക്കാരനിൽ നിന്നോ ഈടാക്കാവുന്നതാണ്.

# ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിലെ മാലിന്യം

## പരിഗണിക്കാവുന്ന കുറ്റ കൃത്യങ്ങൾ

മാലിന്യങ്ങൾ നീക്കം ചെയ്യാതിരിക്കുന്ന

- മാർക്കറ്റുകൾ,
- കശാപ്പുശാലകൾ,
- റസ്റ്റോറന്റുകൾ
- ഗോഡൗണുകൾ
- ഹോട്ടലുകൾ തുടങ്ങിയ സ്ഥലങ്ങൾ

- ബാധകമാകുന്ന നിയമം/ ചട്ടം : കേരള പഞ്ചായത്ത് രാജ് ആക്ട് 1994 , വകുപ്പ് എച്ച് (2)

# അനുമതിയില്ലാതെ വ്യവസായ സ്ഥാപനങ്ങൾ നടത്തൽ

കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 233 പ്രകാരം,

മലിനീകരണ നിയന്ത്രണ ബോർഡിൻറെ അനുമതിയില്ലാതെ ജലസ്രോതസ്സുകൾ മലിനീകരിക്കാൻ സാധ്യതയുള്ള ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുകയോ മാലിന്യങ്ങൾ പുറത്തു വിടുകയോ ചെയ്താൽ 5000/ 10000 രൂപ പിഴ ചുമത്താവുന്നതും കുറ്റം തുടരുന്നപക്ഷം ഓരോ ദിവസവും 500 രൂപ പിഴ ചുമത്താവുന്നതുമാണ്.



# അനുമതിയില്ലാതെ വ്യവസായ സ്ഥാപനങ്ങൾ നടത്തൽ



കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 എസ് പ്രകാരം,

വാട്ടർ അതോറിറ്റിയുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മുൻകൂർ അംഗീകാരം നേടാതെ പൊതുമലിനജല ഓവുചാൽ സംവിധാനവുമായി ഒരു ഫാക്ടറിയിലെ ഓവുചാൽ സംവിധാനത്തെ ബന്ധിപ്പിക്കൽ, വ്യാവസായിക കെട്ടിടങ്ങളിൽ ദ്രവമാലിന്യ സംസ്കരണ ശാലയ്ക്കായി സംവിധാനം ഒരുക്കാതിരിക്കൽ എന്നിവക്ക് അധികാരമുള്ള കോടതിയാൽ കുറ്റം ചുമത്തപ്പെട്ടുന്നതിന്മേൽ 10000 രൂപവരെ പിഴക്കും നിയമ ലംഘനം തുടരുന്ന പക്ഷം ഓരോദിവസവും തുടർ പിഴയായി 1000 രൂപവീതം ഈടാക്കാവുന്നതാണ്.

# അനുമതിയില്ലാതെ വ്യവസായ സ്ഥാപനങ്ങൾ നടത്തൽ

## പരിഗണിക്കാവുന്ന കുറ്റ കൃത്യങ്ങൾ

- മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നത്.
- മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത്
- മാലിന്യങ്ങൾ ജലാശയങ്ങളിൽ ഒഴുക്കിവിടുന്നത്



# മാലിന്യങ്ങൾ നിയമ വിരുദ്ധമായി വാഹനങ്ങളിൽ കൊണ്ടുപോകൽ



"മാലിന്യമോ വിസർജ്ല്യവസ്തുക്കളോ പൊതു സ്ഥലങ്ങളിലോ ജലാശയങ്ങളിലോ ജലസ്രോതസുകളിലോ നിക്ഷേപിക്കാനോ ഒഴുക്കിവിടാനോ ലക്ഷ്യമിട്ട് കൊണ്ടുപോകുന്ന വാഹനങ്ങളും അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ച ശേഷം തിരികെ കൊണ്ടുപോകുന്നതെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള വാഹനങ്ങളും കണ്ടെത്തിയാൽ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കോ ഈ ആവശ്യത്തിനായി സെക്രട്ടറി അതികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, സബ് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ ആ വാഹനം പിടിച്ചെടുക്കാനും സബ് ഡിവിഷണൽ മജിസ്ട്രേറ്റ് അപ്രകാരം പിടിച്ചെടുത്ത വാഹനം കണ്ടുകെട്ടുന്ന സാഹചര്യത്തിൽ അത് ലേലം ചെയ്യുകയും തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്"

# മാലിന്യങ്ങൾ നിയമ വിരുദ്ധമായി വാഹനങ്ങളിൽ കൊണ്ടുപോകൽ

## പരിഗണിക്കാവുന്ന കുറ്റകൃത്യങ്ങൾ

- മാലിന്യങ്ങൾ നിയമവിരുദ്ധമായി കൊണ്ടുപോകുന്നത്
- മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്
  - ❑ റോഡരികിൽ
  - ❑ ഓടകളിൽ
  - ❑ നീർചാലുകളിൽ
  - ❑ പുഴവക്കിൽ

# മാലിന്യങ്ങൾ നിയമ വിരുദ്ധമായി വാഹനങ്ങളിൽ കൊണ്ടുപോകൽ

ബാധകമാകുന്ന നിയമം /ചട്ടം : കേരള പഞ്ചായത്ത്  രാജ് ആക്ട് 1994 വകുപ്പ് 219 യു.



# മലിനജലം സംസ്കരിക്കാതെ ഒഴുക്കിവിടൽ



വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ഇറച്ചിക്കടകൾ, മൽസ്യ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, ഫ്ലാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകൾ, കാറ്ററിംഗ് സർവീസ് സ്ഥാപനങ്ങൾ, ഗ്രാമപഞ്ചായത്തുകളിലെ 100 $m^2$ കൂടുതൽ തറ വിസ്തീർണമുള്ള വീടുകൾ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥർ അല്ലെങ്കിൽ നടത്തിപ്പോ നിയന്ത്രണമോ സംബന്ധിച്ച ചുമതലയുള്ള ആൾ, അത്തരം കെട്ടിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ, മലിനജലം എന്നിവ ശരിയായി സംസ്കരിക്കാതിരിക്കൽ, മലിനജലം ഓടകളിലേക്ക് ഒഴുക്കിവിടൽ എന്നിവ ചെയ്യുന്നത് ശിക്ഷാർഹമാണ്.

# മലിനജലം സംസ്കരിക്കാതെ ഒഴുക്കിവിടൽ

പരിഗണിക്കാവുന്ന കുറ്റകൃത്യങ്ങൾ:

മലിനജലം ശരിയായി സംസ്കരിക്കാതിരിക്കുന്നതും ഈ മലിനജലം ഓടകളിലേക്ക് ഒഴുക്കിവിടുന്നതും

- വ്യാപാരസമുച്ചയങ്ങളിൽ
- വ്യാപാര കേന്ദ്രങ്ങളിൽ
- ആശുപത്രികളിൽ
- ചന്തകളിൽ
- അറവുശാലകളിൽ
- ചിക്കൻ സ്റ്റാളുകളിൽ
- മൽസ്യ മാംസ വില്പന ശാലകളിൽ
- കല്യാണമണ്ഡപങ്ങളിൽ
- ബഹുനിലകളിൽ
- കെട്ടിടങ്ങളിൽ
- ഹോട്ടലുകളിൽ

# മലിനജലം സംസ്കരിക്കാതെ ഒഴുക്കിവിടൽ




- **ശിക്ഷ** : 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവോ, 10000 രൂപയിൽ കുറയാത്തതും 50000 രൂപവരെ ആകാവുന്നതുമായ പിഴയോ രണ്ടുംകൂടിയോ. കുറ്റം തുടർന്നും ചെയ്താൽ തുടരുന്ന ഓരോ ദിവസത്തേക്കും 1000 രൂപയിൽ കുറയാത്ത പിഴ.
- ബാധകമാകുന്ന നിയമം/ചട്ടം : കേരളപഞ്ചായത്ത് രാജ് ആക്ട് 1994 , വകുപ്പ് 219 വി (1).

# ഇറച്ചി വ്യാപാരം നടത്തുന്ന കടകളിൽ പാലിക്കേണ്ടത്

"മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വില്ക്കുന്നതിനുള്ള കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും ധാരാളം വായു സഞ്ചാരമുള്ളതും ആയിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്ക വിധത്തിൽ കടയുടെ മുന്നിൽ പ്രദർശിപ്പിക്കേണ്ടതും ആണ്."

# ഇറച്ചി വ്യാപാരം നടത്തുന്ന കടകളിൽ പാലിക്കേണ്ടത്

## നിയമ ലംഘനം എങ്ങനെ?

- കശാപ്പുനടത്തിയ മൃഗങ്ങളുടെ ശരീര ഭാഗങ്ങൾ അസഹ്യത ഉണ്ടാക്കും വിധം കടയ്ക്കു മുന്നിൽ തൂക്കിയിടൽ
- കശാപ്പുചെയ്ത മൃഗങ്ങളുടെ മാംസം, കോഴിയിറച്ചി തുടങ്ങിയവ തുറന്നുവെക്കൽ
- ലൈസൻസിയുടെ പേര്, കടയുടെ നമ്പർ, വിലനിലവാരം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോർഡ് ലൈസൻസി പ്രദർശിപ്പിക്കാതിരിക്കൽ.



# ഇറച്ചി വ്യാപാരം നടത്തുന്ന കടകളിൽ പാലിക്കേണ്ടത്




- ശിക്ഷ: 1000 രൂപയിൽ കുറയാത്ത പിഴ
- ബാധകമാകുന്ന നിയമം /ചട്ടം : കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38, 41.

# ഇറച്ചിമാലിന്യങ്ങൾ സംസ്കരിക്കൽ



കശാപ്പുശാലകളുടെ ഉടമസ്ഥനോ,
ലൈസെൻസിയോ, കശാപ്പുകാരനോ,
മൃഗങ്ങളുടെയോ പക്ഷികളുടെയോ അവശിഷ്ടങ്ങൾ,
മാംസം എന്നിവ അത് നിക്ഷേപിക്കാനായി
ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്തും
രീതിയിലും അല്ലാതെ നിക്ഷേപിക്കുകയോ
കുഴിച്ചുമൂടുകയോ ഒഴുക്കിവിടുകയോ ചെയ്യുന്നത്
ശിക്ഷാർഹമാണ്.

# ഇറച്ചിമാലിന്യങ്ങൾ സംസ്കരിക്കൽ

## പരിഗണിക്കാവുന്ന കുറ്റകൃത്യങ്ങൾ

- മാംസ്യാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നത്
- അവ കുഴിച്ചിടുന്നത്

- ശിക്ഷ: 1000 രൂപയിൽ കുറയാത്ത പിഴ
- ബാധകമാകുന്ന നിയമം / ചട്ടം: കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 40, 41.

# നന്ദി....

